REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-04-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാൻമന്ത്രി മുദ്രയോജനയിലൂടെ ജീവിത പുരോഗതി കൈവരിച്ച ഗുണഭോക്താക്കളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു.**
- **രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് ദുബായ് കിരീടാവകാശിയും UAE ഉപപ്രധാനമന്ത്രിയുമായ ഷെയ്ഖ്, ഹംദാൻ ബിൻ മുഹമ്മദ് അൽ മക്തൂം ന്യൂഡൽഹിയിലെത്തി.**
- **തമിഴ്നാട് ഗവർണ്ണർ RN രവി, നിയമസഭ രണ്ടു തവണ പാസാക്കിയ 10 ബില്ലുകൾ തടഞ്ഞു വെച്ച നടപടി ചട്ടവിരുദ്ധമെന്ന് സുപ്രീംകോടതി.**
- **എട്ടാം ക്ലാസ് വരെ ഗവണ്മെന്റ് - ഗവണ്മെന്റ് അംഗീകൃത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് നാല് കിലോ അരി വീതം നൽകുന്ന പദ്ധതി മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.**
- **വയനാട് ജില്ലയിലെ ആദ്യ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രം, കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് നാളെ ഉദ്ഘാടനം ചെയ്യും.**

## വാർത്തകൾ വിശദമായി

പ്രധാൻമന്ത്രി മുദ്രയോജനയിലൂടെ ജീവിത പുരോഗതി കൈവരിച്ച ഗുണഭോക്താക്കളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. പത്തു വർഷത്തിനിടയിൽ മുദ്ര പദ്ധതിയിലൂടെ രാജ്യത്തെ നിരവധി പേരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കിയതായി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ

കുറിച്ചു. ഡൽഹിയിൽ മുദ്ര യോജന ഗുണഭോക്താക്കളുമായി അദ്ദേഹം രാവിലെ സംവദിച്ചു.

മുദ്ര ഗുണഭോക്താക്കളിൽ പകുതിയും SC, ST, OBC വിഭാഗങ്ങളാണെന്നും 70 ശതമാനത്തിലധികം ഗുണഭോക്താക്കളും സ്ത്രീകളാണെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ത്യൻ ഹൈക്കമ്മീഷൻ ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സുമായി സഹകരിച്ച് ഇന്ന് നടത്തുന്ന സെഷനിൽ പങ്കെടുക്കും.

ആറ് ദിവസത്തെ യൂറോപ്പ് പര്യടനത്തിന്റെ ഭാഗമായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്നലെ വൈകിട്ട് ലണ്ടനിലെത്തി. UK യിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ വിക്രം ദൊരൈസ്വാമി ഹീത്രോ വിമാനത്താവളത്തിൽ കേന്ദ്രമന്ത്രിയെ സ്വീകരിച്ചു. ഇന്ന് മുതൽ 13 വരെയാണ് ധനമന്ത്രിയുടെ ഓസ്ട്രിയ ഉൾപ്പെടെ യൂറോപ്പ് സന്ദർശനം.

നാളെ UK വിദേശകാര്യ മന്ത്രി ചാൻസലർ റേച്ചൽ റീവ്സുമായി ഇന്ത്യ-UK സാമ്പത്തിക, സംഭാഷണത്തിന്റെ പതിമൂന്നാം മന്ത്രിതല ചർച്ചയിലും നിർമ്മല സീതാരാമൻ പങ്കെടുക്കും.

✪✪✪

രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് ദുബായ് കിരീടാവകാശിയും UAE ഉപപ്രധാനമന്ത്രിയുമായ ഷെയ്ഖ്, ഹംദാൻ ബിൻ മുഹമ്മദ് അൽ മക്തൂം ന്യൂഡൽഹിയിലെത്തി. കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപി അദ്ദേഹത്തെ സ്വീകരിച്ചു. ദുബായ് കിരീടാവകാശി എന്ന നിലയിൽ മക്തൂമിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. നിരവധി മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ, ഉന്നതതല ബിസിനസ് പ്രതിനിധി സംഘം എന്നിവർ അദ്ദേഹത്തോടൊപ്പം ഉണ്ട്.

✪✪✪

തമിഴ്നാട് ഗവർണ്ണർ RN രവി, നിയമസഭ രണ്ടു തവണ പാസാക്കിയ 10 ബില്ലുകൾ തടഞ്ഞു വെച്ച നടപടി ചട്ടവിരുദ്ധമാണെന്ന് സുപ്രീംകോടതി വിധിച്ചു. ബില്ലുകൾ അനിശ്ചിതമായി തടഞ്ഞുവച്ച നടപടി നിയമ വിരുദ്ധവും തെറ്റുമാണെന്ന് സുപ്രീം കോടതി വിലയിരുത്തി. ബില്ലിൽ തീരുമാനമെടുക്കാതെ വൈകിപ്പിക്കുകയും അതിനുശേഷം രാഷ്ട്രപതിക്ക് അയക്കുകയും ചെയ്തത് ഭരണഘടനാ വിരുദ്ധമാണെന്നും സുപ്രീം കോടതി വ്യക്തമാക്കി. ജസ്റ്റിസ് J B പർദീവാല, ജസ്റ്റിസ് R മഹാദേവൻ എന്നിവരുടെ ബെഞ്ചിന്റേതാണ് വിധി.

✪✪✪

ഗവണ്മെന്റ്, ഗവണ്മെന്റ് അംഗീകൃത സ്കൂളുകളിൽ എട്ടാം ക്ലാസ് വരെ പഠിക്കുന്ന 26 ലക്ഷം കുട്ടികൾക്ക് നാല് കിലോ അരി വീതം വിതരണം ചെയ്യുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരം പട്ടത്ത് നിർവ്വഹിച്ചു. 17,313 മെട്രിക് ടൺ അരിയാണ് പദ്ധതിയിൽ വിതരണം ചെയ്യുന്നത്.

✪✪✪

തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ ഏകീകൃത പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്ന K സ്മാർട്ട് പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കവടിയാർ ഉദയ്പാലസ് കൺവൻഷൻ സെന്ററിലാണ് പരിപാടി. K സ്മാർട്ട് വഴി അനുവദിക്കുന്ന ആദ്യ ജനന സർട്ടിഫിക്കറ്റ് പ്രതിപക്ഷ നേതാവ് VD സതീശൻ കൈമാറും. ഓൺലൈൻ വസ്തു നികുതി രസീത് മന്ത്രി K രാജനും വിതരണം ചെയ്യും.

K സ്മാർട്ട് സ്കൂൾ ഓഫ് ടെക്നോളജി ലോഞ്ചിംഗ് മന്ത്രി K.N ബാലഗോപാൽ ചടങ്ങിൽ നിർവഹിക്കും. സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട പെർമിറ്റുകൾ മന്ത്രി V ശിവൻകുട്ടിയും, K സ്മാർട്ട് വിഡിയോ KYC വഴി ആദ്യ, വിവാഹ സർട്ടിഫിക്കറ്റ് മന്ത്രി G R അനിലും കൈമാറും.

✪✪✪

വൃത്തി 2025 - ദേശീയ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരം കനകക്കുന്നിൽ ഉദ്ഘാടനം ചെയ്യും. മാലിന്യ സംസ്കരണത്തിൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങളും, ഭാവി പദ്ധതികളും 5 ദിവസത്തെ കോൺക്ലേവ് ചർച്ച ചെയ്യും.

✪✪✪

വയനാട് ജില്ലയിലെ ആദ്യ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രം, കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് നാളെ ഉദ്ഘാടനം ചെയ്യും. കൽപ്പറ്റ ഹെഡ് പോസ്റ്റ് ഓഫീസിൽ ഒരുങ്ങുന്ന കേന്ദ്രം പാസ്പോർട്ടിനും അനുബന്ധ സേവനങ്ങൾക്കുമായി അയൽ ജില്ലകളിലേക്ക് ദീർഘദൂരം സഞ്ചരിക്കേണ്ടി വന്നിരുന്ന വയനാട് നിവാസികൾക്ക് ആശ്വാസകരമാകും. കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ, മന്ത്രി OR കേളു, വയനാട് ലോക്സഭാ മണ്ഡലം MP പ്രിയങ്ക ഗാന്ധി എന്നിവർ പങ്കെടുക്കും.

✪✪✪

റിസർവ് ബാങ്കിന്റെ മൂന്ന് ദിവസത്തെ ദ്വൈമാസ പണനയ അവലോകന യോഗം മുംബൈയിൽ ആരംഭിച്ചു. ഗവർണർ സഞ്ജയ് മൽഹോത്രയുടെ നേതൃത്വത്തിൽ ആറ് അംഗ സമിതിയുടെ തീരുമാനം നാളെ പ്രഖ്യാപിക്കും. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും റിപ്പോ നിരക്കുകൾ തീരുമാനിക്കുന്നത്.

✪✪✪

വൈദ്യുതി വാഹനങ്ങൾക്ക് ഉപയോഗിക്കാവുന്ന വയർലസ് ചാർജർ വൈകാതെ വിപണിയിലെത്തും. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗും, നാഗ്പൂരിലെ വിശ്വേശ്വരയ്യ NIT-യും ഇതിന്റെ സാങ്കേതിക വിദ്യ ഒരു ഇന്ത്യൻ കമ്പനിക്ക് കൈമാറി. മൂന്നു മണിക്കൂർ കൊണ്ട് 90 ശതമാനം വരെ ചാർജിംഗിന് പുതിയ സംവിധാനം പ്രയോജനപ്പെടും.

✪✪✪

AICC സമ്മേളനത്തിന് ഗുജറാത്തിലെ അഹമ്മദാബാദിൽ തുടക്കമായി. രണ്ടു ദിവസത്തെ സമ്മേളനത്തിൽ പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, ദേശീയ ഭാരവാഹികൾ, മുതിർന്ന നേതാക്കൾ ഉൾപ്പെടെ 1,700 ഓളം പേർ പങ്കെടുക്കുന്നുണ്ട്.

✪✪✪

ആയുർവേദം പുതിയ മാനങ്ങൾ സൃഷ്ടിച്ച് ശാസ്ത്രീയ ചികിത്സ നൽകുന്ന സംവിധാനമായി മാറുകയാണെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. ആയുർവേദ ചികിത്സാ രംഗത്തെ സാധ്യതകളെക്കുറിച്ച് അവബോധമുണ്ടാക്കിയാൽ തിരക്കേറിയ ചികിത്സാ കേന്ദ്രങ്ങളായി ആയുർവേദ ആശുപത്രികൾ മാറുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ ആരംഭിച്ച 'ദൃഷ്ടി' നേത്രരോഗ ചികിത്സാ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഇടുക്കി ജില്ല സമ്പൂർണ ഹരിത പദവിയിലേയ്ക്ക്. ഉച്ചക്ക് മന്ത്രി റോഷി അഗസ്റ്റിൻ ജില്ലയെ മാലിന്യമുക്തമായി പ്രഖ്യാപിക്കും. ഇതോടനുബന്ധിച്ച് ചെറുതോണി ടൗൺ ഹാളിൽ നടക്കുന്ന കലാപരിപാടികളുടെ ഉദ്ഘാടനം രാവിലെ ജില്ലാ കളക്ടർ V. വിഗ്നേശ്വരി നിർവഹിച്ചു.

✪✪✪

കേന്ദ്ര - സംസ്ഥാന ഗവണ്മെന്റുകളും സാമൂഹ്യനീതി വകുപ്പും ജില്ലാ ഭരണകൂടവും സംയുക്തമായി സംഘടിപ്പിക്കുന്ന നശാ മുക്ത് ഭാരത് അഭിയാൻ

വയനാട് ജില്ലാപദ്ധതി പ്രവർത്തനങ്ങൾ മന്ത്രി O.R കേളു മറ്റന്നാൾ ഉദ്ഘാടനം ചെയ്യും. പരിപാടിയോട് അനുബന്ധിച്ച് സുൽത്താൻ ബത്തേരി സ്വതന്ത്ര മൈതാനി മുതൽ ശ്രേയസ് ഓഡിറ്റോറിയം വരെ നടത്തുന്ന ഘോഷയാത്ര ജില്ലാ കലക്ടർ D.R മേഘശ്രീ ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

ISL ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ്, ജംഷഡ്പൂർ FC യെ പരാജയപ്പെടുത്തി. കൊൽക്കത്തയിൽ എതിരില്ലാത്ത രണ്ടു ഗോളിനാണ് മോഹൻ ബഗാന്റെ ജയം.

ശനിയാഴ്ച ഫൈനലിൽ മോഹൻ ബഗാൻ, ബംഗലൂരു FC യെ നേരിടും.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ. കൊൽക്കത്തയിൽ വൈകിട്ട് മൂന്നരയ്ക്ക് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ലക്നൗ സൂപ്പർ ജയന്റ്സിനെയും, ചണ്ഡീഗഡിൽ വൈകിട്ട് ഏഴരയ്ക്ക് പഞ്ചാബ് കിങ്സ്, ചെന്നൈ സൂപ്പർ കിങ്സിനെയും നേരിടും.

✪✪✪

മലപ്പുറത്ത് വീട്ടിലെ പ്രസവത്തെ തുടർന്ന് യുവതി മരിച്ച സംഭവത്തിൽ ഭർത്താവ് സിറാജ്ജുദിന്റെ അറസ്റ്റ് പൊലീസ് രേഖപ്പെടുത്തി. പ്രതിക്കെതിരെ മനഃപൂർവമല്ലാത്ത നരഹത്യ, തെളിവ് നശിപ്പിക്കൽ എന്നീ വകുപ്പുകൾ ചുമത്തിയിട്ടുണ്ടെന്ന് മലപ്പുറം SP R വിശ്വനാഥ് മാധ്യമങ്ങളോട് പറഞ്ഞു. സംഭവത്തിൽ ആരെങ്കിലും പ്രതിയെ സഹായിച്ചിരുന്നോ എന്ന് അന്വേഷിക്കും. യുവതിയുടെ കുടുംബത്തിന്റെ അടക്കം മൊഴി രേഖപ്പെടുത്തുമെന്നും SP അറിയിച്ചു.

✪✪✪

മലപ്പുറം ചട്ടിപ്പറമ്പിലെ വാടകവീട്ടിൽ പ്രസവത്തിനിടെ യുവതി മരിച്ച സംഭവത്തിൽ ഭർത്താവിനെതിരെ മനഃപൂർവ്വമായ നരഹത്യയ്ക്ക് കേസെടുക്കണം എന്നാവശ്യപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പൊലീസ് മേധാവിക്ക് പരാതി നൽകി. ആരോഗ്യ പ്രവർത്തകർ നാല് തവണ വീട്ടിലെത്തിയെങ്കിലും ഗർഭിണിയാണെന്ന വിവരം മറച്ചു വെക്കുകയായിരുന്നു. ശൈലി സർവേയിൽ ആധാർ നമ്പർ നൽകാതെ, മൊബൈൽ ഫോൺ നമ്പർ മാത്രം നൽകിയെന്നും ആരോഗ്യ പ്രവർത്തകർ ബന്ധപ്പെടുന്നതിൽ നിന്ന് അവർ ഒഴിഞ്ഞു മാറുകയായിരുന്നുവെന്നും പരാതിയിൽ പറയുന്നു.

വീടുകളിലെ പ്രസവം ഒഴിവാക്കി മാതൃ-ശിശു മരണം ഇല്ലാതാക്കാൻ മലപ്പുറം ജില്ലയിൽ ആരോഗ്യ വകുപ്പ് കാമ്പയിൻ ആരംഭിച്ചു. 'കുഞ്ഞോമന ജനിക്കേണ്ടത് സുരക്ഷിത കരങ്ങളിൽ - പ്രസവം സുരക്ഷിതമാക്കാൻ ആശുപത്രി തിരഞ്ഞെടുക്കാം' എന്ന പേരിലാണ് കാമ്പയിൻ.

✪✪✪

മാധ്യമങ്ങൾക്കും ജനങ്ങൾക്കുമിടയിലെ അദൃശ്യ ഉടമ്പടി പാലിക്കാൻ മാധ്യമ സ്ഥാപനങ്ങൾ തയാറാവണമെന്ന് ഡോ.സെബാസ്റ്റ്യൻ പോൾ പറഞ്ഞു. സാങ്കേതികവിദ്യ എത്രത്തോളം വളർന്നാലും ചിരപുരാതനമായ തത്വങ്ങൾക്ക് മാറ്റമുണ്ടാകുന്നില്ലെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. കോഴിക്കോട് ബീച്ചിൽ സംഘടിപ്പിച്ച ത്രിവർണോത്സവത്തിലെ മാധ്യമ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മൂലധന താത്പര്യങ്ങൾ സംരക്ഷിക്കേണ്ടി വരുമ്പോൾ സ്വതന്ത്ര മാധ്യമ പ്രവർത്തനം സാധ്യമല്ലെന്നും സെബാസ്റ്റ്യൻ പോൾ പറഞ്ഞു.

✪✪✪

കോഴിക്കോട് സിറ്റിയിൽ ഇന്നലെ വിൽപനയ്ക്കെത്തിച്ച കഞ്ചാവുമായി മൂന്നു പേരെ പൊലീസ് പിടികൂടി. കഞ്ചാവ് ഉപയോഗിച്ച ഒൻപത് പേരെയും കസ്റ്റഡിയിൽ എടുത്തു.

✪✪✪

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിൽ K രാധാകൃഷ്ണൻ MP ഇന്ന് ED ക്ക് മുന്നിൽ ഹാജരായേക്കുമെന്ന് റിപ്പോർട്ടുകൾ പറയുന്നു. മൂന്നാം തവണ കിട്ടിയ നോട്ടീസിലാണ് K രാധാകൃഷ്ണൻ ഹാജരാകുന്നത്.

✪✪✪

അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ 34 കുടുംബങ്ങൾക്ക് മന്ത്രി K രാജൻ ഇന്ന് പട്ടയം വിതരണം ചെയ്യും. ഉച്ചകഴിഞ്ഞ് പുന്നപ്ര വണ്ടാനത്ത് ചേരുന്ന യോഗത്തിൽ H സലാം MLA അധ്യക്ഷനാകും.

✪✪✪

സംസ്ഥാനത്ത് ഇന്ന് മഴ സാധ്യത കണക്കിലെടുത്ത് മൂന്ന് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

✪✪✪

ഗവൺമെന്റ് ഹയർസെക്കന്ററി അധ്യാപകരുടെ അടുത്ത അധ്യയന വർഷത്തെ പൊതു സ്ഥലം മാറ്റത്തിന് പോർട്ടൽ തുറന്നു. അധ്യാപകരുടെ പ്രൊഫൈൽ കൃത്യമാക്കാനും, ഒഴിവുകൾ റിപ്പോർട്ടു ചെയ്യാനും ജൂൺ ഒന്നിനു മുമ്പ് സ്ഥലംമാറ്റവും, നിയമനവും പൂർത്തിയാക്കാനും സഹായിക്കുന്ന തരത്തിലാണ് പോർട്ടൽ ഒരുക്കിയിരിക്കുന്നത്. ഈ മാസം 16 വരെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാം.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ മലപ്പുറത്തെത്തി. കലക്ടറും SP യുമുൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. സിവിൽ സ്റ്റേഷനിലെ EVM വിവിപാറ്റ് ഡിപ്പോയും കേൽക്കർ സന്ദർശിച്ചു. നാളെ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായി അദ്ദേഹം ചർച്ച നടത്തും.

✪✪✪

വയനാട് ചൂരൽമല മുണ്ടക്കൈ ദുരന്തത്തിൽ കാണാതായ 32 പേരുടെ പട്ടിക ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചു. ഇതുവരെ കണ്ടെത്താൻ കഴിയാതിരുന്നവരെ ദുരന്തത്തിൽ മരിച്ചവരായി കണക്കാക്കി ഗവണ്മെന്റ് ഉത്തരവ് ഉടൻ പുറത്തിറക്കും.

✪✪✪

---

*News Reader: അനുഷ ആത്മപ്രകാശ്*
*News Team: അനിൽചന്ദ്രൻ, നിമിഷ ജി*
*DEO: ഷീബ*